കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പടിയൂർ ഗ്രാമ പഞ്ചായത്ത്

2017-18

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എടി.എസ്.ആർ(പി 1) 256/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ :dotsr.ksad@kerala.gov.in
തീയതി: 12.02.19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

പടിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പടിയൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ്നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-2, 2-3 , ഭാഗം 3ലെ 3-12, 3-16 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എടി.എസ്.ആർ(പി1)256/2019 തിയ്യതി :12.02.19

തൃശ്ശൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.10.17മുതൽ 31.12.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2017-18 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സൈമൺ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.01.2019 മുതൽ 31.01.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബിത ടി.എസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പ്രശാന്ത് ടി.ജി. | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ചൈതന്യ പുരുഷോത്തമൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രേഖ ഈ.സി. | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.സി. ബിജു | 01-04-2017 |

| | | |
|---|---|---|
| | | മുതൽ<br>31-03-2018 വരെ |
| സെക്രട്ടറി | ശ്രീ. ഫോർബി.ഇ.ജെ. | 01-04-2017<br>മുതൽ<br>31-03-2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | ശ്രീമതി. രശ്മി പി. | 01.04. 2017<br>മുതൽ 31.03.2018<br>വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സോഫിയ എം. ജോൺ | 01.04.2017 മുതൽ<br>16.12.2017FN<br>വരെ |
| | ശ്രീമതി. ദ്യുതി പി.പി. | 16 12 2017<br>ANമുതൽ<br>06.02.2018<br>FNവരെ |
| | ശ്രീമതി. ശ്യാമ എസ്. മേനോൻ | 06.02. 2018AN<br>മുതൽ<br>31 03.2018 വരെ |
| വി.ഇ.ഒ | ശ്രീമതി. ജാസ്മിൻ. വി. എ.<br>എടത്തിരിഞ്ഞി സർക്കിൾ | 01.04. 2017<br>മുതൽ<br>31 03.2018 വരെ |
| | ശ്രീ. അമൽരാജ് . ടി .യു.<br>പടിയൂർ സർക്കിൾ | 01.04.2017 മുതൽ<br>31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ടിറ്റ്സൺ പിൻ ഹീറോ | 01.04.2017 മുതൽ<br>31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. നിഷ സി. | 01.04.2017 മുതൽ<br>31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ലവീണ കെ. എ. | 01.04.2017 മുതൽ<br>01.05.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മരിയ ടോം(മെഡിക്കൽ ഓഫീസർ ഇൻ ചാർജ്) | 2.05.2017മുതൽ<br>15.08.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ശ്രീവിഷ്ണു എസ്.(മെഡിക്കൽ ഓഫീസർ ഇൻ ചാർജ്) | 16.08.2017മുതൽ<br>19.12.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)j | ഡോ. ലവീണ കെ. എ | 20.12.2017മുതൽ<br>31.3.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. നീര പി.ജി. | 01.04.2017 മുതൽ<br>31.03.2018 വരെ |

| | | |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ. സന്തോഷ് കുമാർ എം.ജി. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീമതി.രജിത.കെ.ആർ | 01.04.2017 മുതൽ 1.06.2017 വരെ |
| | ശ്രീമതി.റഹ്മത്ത് ബീഗം | 02.06.2017 മുതൽ 23.01.2018 വരെ |
| | ശ്രീമതി.അനീഷ.പി.ജെ | 24.01.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | നിമ്മി.എം.എ | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | വസ്തു നികുതി -അവലോകനം | 2-1 |
| 14 | വസ്തു നികുതി കുടിശ്ശിക -തുടർ നടപടികൾ അറിയിക്കേണ്ടതാണ് | 2-2 |
| 15 | അനധികൃതകെട്ടിടങ്ങൾ വ്യാപാരാവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്നു | 2-3 |
| | ഭാഗം 3 | |
| 22 | തെരുവു വിളക്കു പരിപാലനത്തിൽ സർക്കാർ നിർദ്ദേശങ്ങളും കരാർ വ്യവസ്ഥകളും പാലിക്കേണ്ടതാണ്. | 3-1 |
| 23 | തുല്യതാ പരീക്ഷ -പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | 3-2 |
| 24 | ലൈബ്രറി പ്രവർത്തനങ്ങൾക്കായി വാങ്ങിയ കമ്പ്യൂട്ടർ ഉപയോഗപ്പെടുത്തുന്നില്ല | 3-3 |
| 25 | വികസനഫണ്ട് (പൊതു വിഭാഗം ) | 3-4 |

| | | |
|---|---|---|
| | ആവർത്തനചെലവുകൾക്ക് ഉപയോഗിച്ചു | |
| 26 | കുടിവെള്ള വിതരണം അപാകതകൾ പരിഹരിച്ച് നടപ്പാക്കേണ്ടതാണ് | 3-5 |
| 27 | വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്. | 3-6 |
| 28 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ-കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല | 3-7 |
| 29 | പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിലിന് ധനസഹായം -രേഖകൾ ഹാജരാക്കിയിട്ടില്ല | 3-8 |
| 30 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ- അർഹതയില്ലാത്ത വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകി | 3-9 |
| 31 | വി.ഇ.ഓ നടപ്പാക്കിയ പദ്ധതികൾ -വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല | 3-10 |
| 32 | വീട് പുനരുദ്ധാരണം -രേഖകൾ ഹാജരാക്കിയിട്ടില്ല | 3-11 |
| 33 | വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ നടപ്പാക്കിയതിലെ അപാകതകൾ | 3-12 |

| | | |
|---|---|---|
| 34 | അങ്കണവാടികളുടെ ഭൗതികസാഹചര്യം | 3-13 |
| 35 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-14 |
| 36 | പൊതുമരാമത്ത് പ്രവൃത്തികൾ -അവലോകനം | 3-15 |
| 37 | പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു | 3-16 |
| 38 | നിക്ഷേപപവൃത്തിയായി നടത്തിയ കുടിവെള്ളപദ്ധതി -പൂർത്തീകരണ വിവരമില്ല. | 3-17 |
| | ഭാഗം 4 | |
| 39 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 42 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 43 | സ്ഥിര നിക്ഷേപം | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |

| | | |
|---|---|---|
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 49 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം 2 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25/03/2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും റിവൈസ്ഡ് ബജറ്റ് 7/03/2018തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. പ്രതീക്ഷിത വരവ് 108256720രൂപയും പ്രതീക്ഷിത ചെലവ് 104510000രൂപയുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.18 | 30.05.18 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.18, 23.06.18 | KSATSR(E3)1150/18(52) dt.12.07.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4498882 |
| വരവ് | 45536582 |
| ആകെ | 50035464 |
| ചെലവ് | 47012312 |
| നീക്കിയിരിപ്പ് | 3023152 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 10243000 | 10243000 | 9552429 | 690571 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 4997946 | 4997946 | 4921575 | 76371 |
| | | 0 | 10996 | 10996 | 0 | 10996 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 3816000 | 3816000 | 3793789 | 22211 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2591000 | 2591000 | 2591000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | | 0 | 8951586 | 8951586 | 6959750 | 1991836 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1411265 | 1411265 | 1296564 | 114701 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 5851624 | 5851624 | 5851624 | 0 |
| | അഡ്മിനിസ്ട്രേറ്റിവ് ചെലവ് | 9847 | 882712 | 892559 | 887525 | 5034 |
| കേന്ദ്രവിഷ്കൃത ഫണ്ടുകൾ | TSC | 0 | 709474 | 709474 | 670875 | 38599 |
| | സാക്ഷരത് | 0 | 28300 | 28300 | 28300 | 0 |
| | ICDS | 527903 | 431232 | 959135 | 127360 | 831775 |
| | ബേഠി പഠാവോ ബേഠി ബചാവോ | 0 | 41000 | 41000 | 0 | 41000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | വിമുക്തി& CHIAK | 25000 | 17572 | 42572 | 14750 | 27822 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 420000 | 687450 | 1107450 | 1007450 | 100000 |
| | ജില്ലാപഞ്ചായത്ത് | 0 | 885000 | 885000 | 685000 | 200000 |
| ബി ഫണ്ട് | | 0 | 33049120 | 33049120 | 33049120 | 0 |
| തനതുഫണ്ട് ബാങ്ക് അക്കൗണ്ട് | SBI | 25272 | 70333 | 95605 | 67554 | 28051 |
| | കോ-ഓപ്പറേറ്റീവ് ബാങ്ക് | 1755584 | 7013995 | 8769579 | 7688050 | 1081529 |
| | SBI-കറന്റ് | 0 | 27537 | 27537 | 649 | 26888 |
| ട്രഷറി അക്കൗണ്ട് | ട്രഷറി STSB | 2203190 | 7552617 | 9755807 | 8276671 | 1479136 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 155 | 46006729 | 119 | 33309653 | 31 | 5 | 76.77 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14520 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 6274400 | 588 |
| വിധവാപെൻഷൻ | 7443500 | 822 |
| വാർദ്ധക്യകാലപെൻഷൻ | 15921300 | 1283 |
| വികലാംഗപെൻഷൻ | 2606700 | 216 |
| അവിവാഹിത പെൻഷൻ | 543700 | 45 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9847 | 882712 | 882559 | 887525 | 5034 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5851624 | 5851624 | 5851624 | 0 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.19 തിയതിയിൽ 2.35pmന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3955രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. പൊതുഭരണവും ധനകാര്യവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം എന്ന നിർദ്ദേശം ഉയർത്തിയിട്ടുണ്ട്.

തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഭരണസമിതി തലത്തിൽ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓഫീസ് ഉത്തരവ് പ്രകാരം വിവിധ ഉദ്യോഗസ്ഥർക്ക് ചുമതലകൾ വീതിച്ച് നൽകിയിട്ടുണ്ടെങ്കിലും മേൽനോട്ട ചുമതല കൂടി കൃത്യമായി നിർവ്വഹിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വർക്കിങ് ഗ്രൂപ്പ് യോഗങ്ങളിൽ വികസന കാഴ്ച്ചപ്പാടുകൾ പ്രതിഫലിക്കുന്ന തരത്തിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധേയമാണ്. എന്നാൽ ഇവ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചതായി മിനിസ്റ്റിൽ യാതൊരു രേഖപ്പെടുത്തലുമില്ല. ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിച്ചാൽ അവയുടെ സമയബന്ധിതമായ പരിപാലനത്തിനും സമയോചിതമായി പുതിയപദ്ധതികൾ ആവിഷ്കരിക്കാനും വളരെ പ്രയോജനപ്പെടുന്നതാണ്. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനമില്ല.

വസ്തു നികുതി സംബന്ധിച്ച സാംഖ്യ-സഞ്ചയ കണക്കുകൾ പൊരുത്തപ്പെടാത്ത സാങ്കേതിക പ്രശ്നം പരിഹരിക്കപ്പെടാതെ അവശേഷിക്കുകയാണ്. അനധികൃത കെട്ടിടനിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവിളക്ക് പരിപാലനത്തിൽ സർക്കാർ നിർദ്ദേശങ്ങളും കരാർവ്യവസ്ഥകളും പാലിക്കേണ്ടതാണ്

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ആഭ്യന്തര നിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.11,2018 | 10/2018 | 1.12.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.07.10 മുതൽ 31.07.10 വരെ | 2004-05 to 2009-10 | 13.9.2010 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഡിപ്രീസിയേഷൻ കണക്കാക്കിയതിൽ 'അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ – സ്വീവേജ് & ഡ്രെയിനേജ്' എന്ന ഇനത്തിൽ ആസ്തി മൂല്യം പൂജ്യവും ഡിപ്രീസിയേഷൻ മൂല്യം -12000/-

രൂപയുമാണ്. (ഷെഡ്യൂൾ B-11). ഡിപ്രീസിയേഷൻ മൂല്യം ആസ്തി മൂല്യത്തേക്കാൾ കുറവു വരുന്നത് അക്കൗണ്ടിങ്ങ് സിദ്ധാന്തങ്ങൾക്ക് വിരുദ്ധമാണ്.

2. 'അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ - പ്ലാന്റ് & മെഷിനറി' എന്ന ഇനത്തിൽ (1-17(a) ആസ്തി മൂല്യം 1,11,244/- രൂപയാണ്. ഡിപ്രീസിയേഷൻ മൂല്യം 1,39,054/- രൂപയാണ്. ഡിപ്രീസിയേഷൻ മൂല്യം ആസ്തി മൂല്യത്തേക്കാൾ കുറവ് വരുന്നത് അക്കൗണ്ടിങ്ങ് സിദ്ധാന്തങ്ങൾക്ക് വിരുദ്ധമാണ്.
3. 2009-ൽ വാങ്ങിയ വാഹനം നാളിതുവരെ ആസ്തിയിലുൾപ്പെടുത്തുകയോ ഡിപ്രീസിയേഷൻ കണക്കാക്കുകയോ ചെയ്തിട്ടില്ല.
4. അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്റ്റ് രജിസ്റ്റർ പ്രകാരം രണ്ട് മെയിന്റനൻസ് പ്രവൃത്തികൾക്കായി ചെലവഴിച്ച 2,72,330/- രൂപ 'കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സി'ൽ ഉൾപ്പെടുത്തിയിരിക്കുന്നത് ശരിയല്ല. മെയിന്റനൻസ് പ്രവൃത്തികൾ കാപ്പിറ്റൽ എക്സ്പെൻഡിച്ചറിൽ ഉൾപ്പെടുത്താവുന്നതല്ല.
5. 'സെയിൽ ഫ്രം ഫിഷ് ഫാംസ്' എന്ന ശീർഷകത്തിലെ കറന്റ് ഡിമാന്റ് വാർഷിക കണക്ക് പ്രകാരം 4,18,750/- (ഷെഡ്യൂൾ 1-5 b) രൂപയും മത്സ്യ കാപ്പ് ലേലം രജിസ്റ്റർ പ്രകാരം 4,37,750/- രൂപയുമാണ്. വാർഷിക കണക്കിലെ ഡിമാന്റ് തുകയിൽ 19,000/- രൂപയുടെ കുറവുണ്ട്.
6. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.
7. വാർഷിക കണക്ക പ്രകാരമുള്ള ആസ്തി വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ നിന്നും ലഭ്യമാവുന്ന രീതിയിൽ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
8. വസ്തു നികുതി കുടിശ്ശിക, കറന്റ് എന്നിവയിൽ വാർഷിക കണക്ക പ്രകാരമുള്ളതും സഞ്ചയ പ്രകാരമുള്ളതുമായ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| | | ഡിമാന്റ് ഷെഡ്യൂൾ 1-1 | RP-43 കളക്ഷൻ (43) | ബാലൻസ് B-15 |
|---|---|---|---|---|
| റസിഡൻഷ്യൽ കറന്റ് | സാംഖ്യ | 14,48,051 | 12,29,712 | 7,432 |
| | സഞ്ചയ | 14,45,229 | 11,65,397 | 4,247 |
| നോൺ റസിഡൻഷ്യൽ- കറന്റ് | സാംഖ്യ | 8,28,054 | 6,97,076 | 37,154 |
| | സഞ്ചയ | 8,10,751 | 7,53,925 | 18,080 |
| റസിഡൻഷ്യൽ- അരിയർ | സാംഖ്യ | 11,47,176.8 | 6,49,441 | 22,027.8 |
| | സഞ്ചയ | 5,69,588 | 5,83,391 | 20,947 |
| നോൺ റസിഡൻഷ്യൽ- അരിയർ | സാംഖ്യ | 52,500 | 3,18,570 | 1,12,006 |
| | സഞ്ചയ | 4,90,753 | 3,85,474 | 1,06,662 |

9. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

i) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ net increase or decrease in cash and cash equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് (14,75,730/-) രൂപയാണ്. എന്നാൽ

ഇതേ പത്രികയിൽ 2017-18 കാലയളവിൽ net cash generated by operating+investing+financing activities ആയി രേഖപ്പെടുത്തിയിരിക്കുന്നത് (56,08,667/-)രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി-അവലോകനം

വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയയുടേയും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുടേയും സംയോജനം പൂർത്തിയായിട്ടുണ്ടെങ്കിലും മുൻവർഷത്തെ വാർഷിക കണക്കിലെ തുകയുമായി സഞ്ചയയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. സഞ്ചയയിലെ ഡിമാന്റ് തുക സാംഖ്യയിലെ ഡിമാന്റായി ചേർക്കുകയും ബാലൻസ് തുകകൾ പൊരുത്തപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്.സാംഖ്യ പ്രകാരം രസീത് ചെയ്യപ്പെടുന്ന വസ്തുനികുതി കളക്ഷനാണ് സഞ്ചയ സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടേണ്ടത്. എന്നാൽ സാംഖ്യ സഞ്ചയ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഡിമാന്റ് | | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | അരിയർ | കറന്റ് | അരിയർ | കറന്റ് | അരിയർ | കറന്റ് |
| സഞ്ചയ | 1115577.3 | 2371194 | 983951.3 | 1999351 | 131626 | 21308.25 |
| സാംഖ്യ | 1199676 | 2276105 | 968011 | 1926788 | 134033 | 44586 |

തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ വൌച്ചർ മുഖേന തുകകൾ എഴുതി തള്ളുകയും, വരുമാനമായി ക്രമീകരിക്കുകയും തിരുത്തൽ എൻട്രികൾ വരുത്തുകയും ചെയ്യുന്നു.എന്നാൽ ഈ രേഖപ്പെടുത്തലുകൾ ആധികാരികമാക്കിയിട്ടില്ല.

<u>പൊരുത്തകേടിന്റെ കാരണങ്ങൾ</u>

കാലാകാലങ്ങളിൽ വസ്തുനികുതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തുന്നതും സഞ്ചയസോഫ്റ്റ് വെയറിന്റെ പരിമിതികൾ കൊണ്ടും സാംഖ്യ സഞ്ചയ തുകകൾ പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണമായി.

കെട്ടിടങ്ങളുടെ ഡിമാന്റ് ഒഴിവാക്കുമ്പോൾ സഞ്ചയയിൽ മുൻവർഷത്തെ ഡിമാന്റിൽ കൂടി മാറ്റം വന്നു. ഇത് മുൻവർഷങ്ങളിൽ ഓഡിറ്റ് അന്തിമമാക്കിയ വാർഷിക കണക്കിലെ ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല. 2013-14 ലെ വസ്തുനികുതി പരിഷ്കരണം നടത്തിയപ്പോൾ എല്ലാ ബിൽഡിങ്ങുകൾക്കും നികുതി വരികയും നികുതി ഉള്ള കെട്ടിടങ്ങൾക്ക് വർദ്ധനവ് വരികയും ചെയ്തു. 2015-16 സാമ്പത്തിക വർഷം നികുതി കുറയ്ക്കുകയും 30m2 ന് താഴെയുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു.പിന്നീട് 60 m2 ന് താഴെ വരുന്ന കെട്ടിടങ്ങളെ ഒഴിവാക്കുകയും മറ്റ് കെട്ടിടങ്ങളുടെ നികുതി കുറവ് ചെയ്യുകയുമുണ്ടായി. ഇത് അരിയർ ഡിമാന്റ് തുകയിൽ മാറ്റം വരുത്തി. 2013-14 സാമ്പത്തിക വർഷം നികുതി നിശ്ചയിച്ചപ്പോൾ വന്ന വർദ്ധനവും സർക്കാർ ഉത്തരവ് 144/15 /തസ്വഭവ, 358/15/തസ്വഭവ പ്രകാരം നികുതിയിൽ മാറ്റം വരുത്തിയതും വ്യത്യാസത്തിന് കാരണമായി.

കെട്ടിടങ്ങളുടെ പഴയ നമ്പർ രേഖപ്പെടുത്താതെ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയതും കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറുന്നതും സാംഖ്യ സഞ്ചയ ഇൻഡഗ്രേഷനിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു.

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നതിന് യാതൊരു ആധികാരിക രേഖകളുമില്ലാതെ തന്നെ വാർഷികധനകാര്യപത്രികയിലെ തുകകൾ വൌച്ചർ മുഖേന എഴുതി തള്ളുകയും ക്രമീകരിക്കുകയും ചെയ്യുന്നു. വസ്തുനികുതി പരിഷ്കരണം, വസ്തുനികുതി സോഫ്റ്റ് വെയറിന്റെ സാങ്കേതിക മികവിന്റെ കുറവ് തുടങ്ങിയ കാരണങ്ങൾ കൊണ്ട് വസ്തുനികുതിയിലുണ്ടായിട്ടുള്ള വ്യത്യാസം കൃത്യമായി കണക്കാക്കപ്പെടേണ്ടതും പൊരുത്തപ്പെടുത്തലിലൂടെ വരുമാന നഷ്ടം ഉണ്ടായിട്ടില്ല എന്നുള്ളത് ഉറപ്പാക്കപെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഭരണവകുപ്പ്തലത്തിൽ നടപടിയുണ്ടാകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ തനതുവരുമാനമായ വസ്തുനികുതി കൃത്യമായി കണക്കാക്കപ്പെടേണ്ടതും ആയത് ഈടാക്കപ്പെടേണ്ടതുമാണ്.

## 2-2 വസ്തുനികുതി കുടിശ്ശിക - തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

പഞ്ചായത്തിലെ റവന്യൂ റിക്കവറി രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പ്പറയുന്നവർ വസ്തുനികുതി അടവാക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു.

| ക്രമനമ്പർ | വാർഡ് നമ്പർ ബിൽഡിംഗ് നമ്പർ | ഉടമസ്ഥന്റെ പേര് | അടവാക്കാനുള്ള തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | 4/41 | എയർസെൽ ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ് | 118575 | 2013-14 മുതൽ 2017-18 വരെ |
| 2 | 7/292 | വില്ലേജ് ഓഫീസ് പടിയൂർ | 9216 | 2013-14 മുതൽ 2017-18 വരെ |
| 3 | 7/295 | എസ്.സി.കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2486 | 2013-14 മുതൽ 2017-18 വരെ |
| 4 | 10/402 | തയ്യിൽ ക്ഷേത്രം | 1260 | 2013-14 മുതൽ 2017-18 വരെ |
| 5 | 10/212 | ആനി പൊഴലിപ്പറമ്പിൽ | 994 | 2013-14 മുതൽ 2017-18 വരെ |
| 6 | 13/175 | തങ്കപ്പൻ,കോട്ടുങ്ങൽ വീട് , എടത്തിരിഞ്ഞി | 1189 | 2015-16 മുതൽ 2017-18 വരെ |

| | | | | |
|---|---|---|---|---|
| 7 | 13/185 | യൂസഫ്,കാരക്കുറ്റിയേഴത്ത് വീട് | 6580 | 2011-12മുതൽ 2017-18 വരെ |
| 8 | 13/354 | ശശികുമാർ പ്ലാക്കൽ വീട് | 3046 | 2013-14 മുതൽ 2017-18 വരെ |
| 9 | 13/179 | സൗദാബി രായംമരക്കാർ വീട് | 4757 | 2016-17 മുതൽ 2017-18 വരെ |

1994ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് 243 ാം വകുപ്പ് 3ാം ഉപവകുപ്പ് പ്രകാരം പഞ്ചായത്തിനു ലഭിക്കേണ്ടതായ തുക ഈടാക്കാൻ യഥാർത്ഥത്തിൽ നടപടികൾ സ്വീകരിക്കേണ്ടതായ തീയ്യതി മുതൽ 3 വർഷം കഴിഞ്ഞ ശേഷം യാതൊരു നടപടിയും സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.നിയമാനുസൃതമായ ഒരു അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റേയോ ഉദ്യോഗസ്ഥന്മാരുടേയോ വീഴ്ച മൂലമാണെന്ന് കണ്ടാൽ അങ്ങനെ പഞ്ചായത്തിനു നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥന്മാരിൽ നിന്നോ ഈടാക്കേണ്ടതാണ്. നികുതി കുടിശ്ശിക നിയമാനുസൃത മാർഗ്ഗങ്ങളിലൂടെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്

## **2-3** <u>അനധികൃതകെട്ടിടങ്ങൾ വ്യാപാരാവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്നു.</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ധനഫാം എന്ന സ്ഥാപനത്തിന്റെ 14 കെട്ടിടങ്ങൾക്ക് 2013 മുതൽUA നമ്പർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | സ്ഥാപനം | ഏരിയ |
|---|---|---|
| 1 | ഫാം ഹൗസ് | 266.49 m2 |
| 2 | ചിക്കൻ സ്റ്റാൾ | 131.52 m2 |
| 3 | Chicken And goat stall | 104.65 m2 |
| 4 | Cattle shed | 117.3 m2 |
| 5 | Prayer room | 71.77m2 |
| 6 | Farm house | 380.33 m2 |
| 7 | toilet | 12.83 m2 |
| 8 | goat farm | 21 m2 |
| 9 | Cattle shed | 193.62m2 |
| 10 | ഹോട്ടൽ | 168.41m2 |
| 11 | toilet | 9.11 m2 |
| 12 | ഐസ്ക്രീം കൗണ്ടർ | 34.03 m2 |
| 13 | ഫാം ഹൗസ് | 57.46 m2 |
| 14 | സെക്യൂരിറ്റി കാബിൻ | 8.76 m2 |

UA നമ്പർ നൽകിയിട്ടുള്ള സ്ഥാപനങ്ങൾ വ്യാപാരാവശ്യത്തിനു ഉപയോ ഗിക്കാവുന്നതല്ല. കൂടാതെ മേൽ സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും ഡി .ആന്റ് .ഓ ലൈസൻസ് നൽകിയിട്ടുമില്ല. 30.1.19 ന് സ്ഥല പരിശോധന നടത്തിയപ്പോൾ മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഓഡിറ്റ് ടീമിന് നേരിട്ട് ബോധ്യപ്പെടുകയുണ്ടായി. കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനു മുമ്പ് അനധികൃതമായി ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിൽ ആയത് തടയുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവുവിളക്ക് പരിപാലനത്തിൽ സർക്കാർ നിർദ്ദേശങ്ങളും കരാർവ്യവസ്ഥകളും പാലിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

പദ്ധതിയുടെ പേര് : തെരുവുവിളക്ക് പരിപാലനപദ്ധതി

പ്രോജക്ട് നമ്പർ - S0101 /18

ഫണ്ട് : ധനകാര്യകമ്മീഷൻ ഗ്രാന്റ്

അടങ്കൽ : 250000/-

ചെലവ് : 250000/-

ട്രഷറി ബിൽ നമ്പർ-17/17-18 dt.20.01.18 (143990/-)

30/17-18 dt. 31.03.18 (106010/-)

മേൽ പ്രൊജക്ട് പ്രകാരം 2017-18വർഷത്തെ തെരുവുവിളക്കുകളുടെ റിപ്പയർ വർക്കുകൾ (മെറ്റീരിയൽസ് ഇല്ലാതെ) ശ്രീ.വി.എം.അഷറഫ് എന്ന കരാറുകാരനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ടിയാനുമായി 14.08.2017ന് ചമച്ച കരാറിലെ നിബന്ധന നമ്പർ 23 പ്രകാരം കരാറുകാരൻ റിപ്പയറിംഗിനായി സാധനങ്ങൾ അഴിച്ചെടുത്ത് പരിശോധിച്ച് അവ റിപ്പയർ ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലാണെന്ന് ബോധ്യപ്പെടുന്ന പക്ഷം മാറ്റുന്ന സാധനങ്ങൾ ലിസ്റ്റുസഹിതം പഞ്ചായത്ത് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാങ്ങി നൽകുന്ന സാധനങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിന് ഈ രീതി ഗ്രാമപഞ്ചായത്തിന് സഹായകരമാണ്. എന്നാൽ അപ്രകാരം ചെയ്തുവരുന്നതായി കാണുന്നില്ല. വാങ്ങുന്ന സാധനസാമഗ്രികൾ മൊത്തമായി കരാറുകാരനെ ഏൽപ്പിക്കുകയാണ് നിലവിൽ ഗ്രാമപഞ്ചായത്ത് ചെയ്തുവരുന്നത്. ആയതിനാൽ, കരാറുകാരൻ കൈപ്പറ്റുന്ന സാധനങ്ങൾ കൃത്യമായി ഉപയോഗിക്കുന്നുണ്ടോയെന്ന കാര്യവും വർഷാന്ത്യനീക്കിയിരിപ്പുണ്ടോയെന്ന കാര്യവും പരിശോധിക്കപ്പെടാതെ പോകുന്നു. മാത്രമല്ല, തെരുവുവിളക്കുകളുടെ പരിപാലനവും റിപ്പയറിംഗും സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നമ്പർ 3055/2011/ltസ്വഭവ തി.15.09.2011ലെ 'പൊതുവിവരണം' ഖണ്ഡിക(ഇ), 'കരാറുകാരന്റെ ബാധ്യതകളും അവകാശങ്ങളും' ഖണ്ഡിക (ബി) എന്നിവ പ്രകാരം റിപ്പയർ ജോലികൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതിയും ക്ലിയറൻസും ആവശ്യമാണ്. ഇപ്രകാരമുള്ള അനുമതി നേടിയതിന് ശേഷമാണ് റിപ്പയർ പ്രവൃത്തി നടത്തുന്നതെന്നതിന് യാതൊരു രേഖയും ലഭ്യമായിട്ടില്ല. തെരുവിളക്കുകളുടെ പരിപാലനം മേൽപറഞ്ഞ അപാകതകൾ പരിഹരിച്ചുകൊണ്ട് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 തുല്യതാപരീക്ഷ - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി
പദ്ധതിയുടെ പേര് : തുല്യതാപ്രവർത്തനം 2017-18

പ്രോജക്റ്റ് നമ്പർ - S0041 /18

ഫണ്ട് : വികസനഫണ്ട് ജനറൽ

അടങ്കൽ : 35450/-

ചെലവ് : 35450/-

ട്രഷറി ബിൽ നമ്പർ-21/17-18 dt.20.01.18
മേൽപ്രൊജക്റ്റ് പ്രകാരം പത്താംതരം തുല്യതാപഠനത്തിനായി 8 പഠിതാക്കൾക്ക് 1750/-രൂപ വീതവും ഹയർസെക്കണ്ടറി തുല്യതാപഠനത്തിനായി 11 പഠിതാക്കൾക്ക് 1950/- രൂപ വീതവും ആകെ 35450/- രൂപ സാക്ഷരതാമിഷനിലേക്ക് അടവാക്കിയിട്ടുണ്ട്. ടി പ്രൊജക്റ്റുമായി ബന്ധപ്പെട്ട് സാക്ഷരതാമിഷനിൽ നിന്നുള്ള രസീത്, ഫീസ് അടവാക്കിയ കുട്ടികളുടെ കോഴ്സ് അറ്റൻഡൻസ്, പരീക്ഷ എഴുതിയതിന്റെ വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (3/24.01.19) നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പത്താംതരം തുല്യതാകോഴ്സിന് ചേർന്ന പഠിതാക്കളിൽ രണ്ട് പേർ കോഴ്സ് അറ്റൻഡ് ചെയ്യുകയോ ഒരാൾ പരീക്ഷ എഴുതുകയോ ചെയ്തിട്ടില്ലെന്ന് (ആകെ 3പേർ) കണ്ടെത്തിയിട്ടുണ്ട്. അതുപോലെ, പന്ത്രണ്ടാം തരം തുല്യതാപരീക്ഷ പഠിതാക്കളിൽ മൂന്ന് പേർ കോഴ്സ് അറ്റൻഡ് ചെയ്യുകയും ആറുപേർ പരീക്ഷ എഴുതുകയും ചെയ്തിട്ടില്ല (ആകെ 9 പേർ). മേൽപറഞ്ഞ പഠിതാക്കളുടെ കാര്യത്തിൽ പദ്ധതിലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ 22800/- രൂപയുടെ ചെലവ് (3 x 1750 + 9 x 1950) തടസ്സപ്പെടുത്തുന്നു.

## 3-3 ലൈബ്രറി പ്രവർത്തനങ്ങൾക്ക് വാങ്ങിയ കമ്പ്യൂട്ടർ ഉപയോഗപ്പെടുത്തുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പദ്ധതിയുടെ പേര് : പഞ്ചായത്ത് ലൈബ്രറിയിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ (സ്പിൽ ഓവർ)

പ്രോജക്റ്റ് നമ്പർ - S0044 /18

ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

അടങ്കൽ : 100000/-

ചെലവ് : 44325/-

ട്രഷറി ബിൽ നമ്പർ-16/17-18 dt. 02.01.18

മേൽപദ്ധതിക്കുകീഴിൽ ലൈബ്രറിയിലേക്ക് വാങ്ങിയ കമ്പ്യൂട്ടർ എന്തൊക്കെ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണെന്ന് പ്രൊജക്റ്റ് റിപ്പോർട്ടിൽ (പ്രൊജക്റ്റ് രൂപീകരണഫോറം) നിന്നും വ്യക്തമല്ല. ലൈബ്രറിയുമായി ബന്ധപ്പെട്ട എന്തൊക്കെ പ്രവൃത്തികൾക്കാണ് ടി കമ്പ്യൂട്ടർ ഉപയോഗപ്പെടുത്തുന്നതെന്ന വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (4/24.01.2019) നൽകിയെങ്കിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമല്ലാത്തതിനാൽ ലൈബ്രറി പ്രവർത്തനങ്ങൾക്ക് കംമ്പ്യൂട്ടർ ഉപയോഗപ്പെടുത്തുന്നതിനും സാധിച്ചിട്ടില്ല എന്നാണ് മറുപടി ലഭിച്ചത്. ലൈബ്രറി പ്രവർത്തനങ്ങൾക്ക്

കമ്പ്യൂട്ടർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് ആസ്തികളിൽ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ട് ചെലവഴിക്കുന്നത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

## **3-4** വികസനഫണ്ട് (പൊതുവിഭാഗം) ആവർത്തനചെലവുകൾക്ക് ഉപയോഗിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി
പദ്ധതിയുടെ പേര് : കമ്പ്യൂട്ടർ മെയിന്റനൻസ് 2017-18

പ്രോജക്ട് നമ്പർ - S0011 /18

ഫണ്ട് : വികസനഫണ്ട് ജനറൽ

അടങ്കൽ : 100000/-

ചെലവ് : 93798/-

ട്രഷറി ബിൽ നമ്പർ-22/17-18 dt. 26.02.18 (28214/-)

31/17-18 dt. 31.03.18 (65584/-)

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ബി.എസ്.എൻ.എൽ മുഖേന വി.പി.എൻ കണക്ഷൻ എടുക്കുന്നതിന് ജി.ഒ(ആർ.ടി) നം.3239/2009/LSGD തി. 07.12.2009 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ജി.ഒ.(ആർ.ടി)നമ്പർ 3635/2010/LSGD തി. 19.11.2010 പ്രകാരം പ്രസ്തുത കണക്ഷന് തനത് ഫണ്ട് / ജനറൽ പർപ്പസ് എന്നിവ ഉപയോഗിക്കാവുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, മേൽപദ്ധതിയിൽ, വി.പി.എൻ കണക്ഷന്റെ വാർഷികതുക ബി.എസ്.എൻ.എല്ലിന് നൽകുന്നതിനായി വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്. ആയതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (5/24.01.2019) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഇത്തരം ആവർത്തനചെലവുകൾക്ക് വികസനഫണ്ട് ചെലവഴിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## **3-5** കുടിവെള്ള വിതരണം- അപാകതകൾ പരിഹരിച്ച് നടപ്പാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി
പദ്ധതി : കുടിവെള്ള വിതരണത്തിന് തുക നൽകൽ, S0150/18

അടങ്കൽ : 438000/-, തനത് ഫണ്ട്

ചെലവ് : 435600/-

വൗച്ചർ നമ്പർ : 680/17-18 dt. 22.12.2017

ഗ്രാമപഞ്ചായത്തിൽ 2017 വർഷം നടത്തിയ കുടിവെള്ളവിതരണത്തിൽ താഴെപ്പറയുന്ന സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.
i) സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറുടെ 11.01.2013 ലെ എ1/2013/സിഎഫ്എസ് നമ്പർ ഉത്തരവ്

പ്രകാരം ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കുകളിലും കുടിവെള്ളം വിതരണം നടത്തുന്നവർ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റെഗുലേഷൻസ് 2011 പ്രകാരം FBO ലൈസൻസ് എടുത്തിരിക്കണം. വിതരണക്കാരന് ഇപ്രകാരമുള്ള ലൈസൻസ് ഉണ്ടായിരുന്നുവെന്നതിന് രേഖ ഹാജരാക്കിയിട്ടില്ല.

ii)കൂടാതെ, കുടിവെള്ളസ്രോതസ്സുകൾക്കും (വാട്ടർ അതോറിറ്റിയുടേതൊഴികെ) FBO ലൈസൻസ് ഉണ്ടാവണം. കുടിവെള്ള സ്രോതസ്സിലെ ജലം സർക്കാർ ലാബുകളിലോ മറ്റ് അംഗീകൃത ലാബുകളിലോ പരിശോധിച്ച് ശുദ്ധി ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിനുള്ള രേഖകളും ഹാജരാക്കിയിട്ടില്ല.
കുടിവെള്ള വിതരണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ഇതുമാത്രമല്ല, വിതരണക്കാരൻ ശ്രീ.കെ.കെ.ഷാജി, കുത്താട്ടി ഹൗസ്, പി.ഒ.പോട്ട എന്നയാൾ 24.04.2017 മുതൽ 29.05.2017 വരെ കുടിവെള്ളം വിതരണം ചെയ്തതിന് 725400/- രൂപയുടെ ബിൽ സമർപ്പിച്ചിട്ടുണ്ട്. തൻവർഷം വകയിരുത്തിയ തുക 438000/- രൂപയും. നൽകിയ തുക 435600/- രൂപയുമാണ്. ബാക്കി നൽകാനുള്ള തുകക്ക് 2018-19 വർഷം പദ്ധതി രൂപീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

| പദ്ധതി വിവരങ്ങൾ | അടങ്കൽ, ഫണ്ടിനം | ചെലവ് | ബിൽ വിശദാംശങ്ങൾ |
|---|---|---|---|
| എ.ബി.സി പ്രോഗ്രാം, S0143/18 | 1,00,000/- തനത് ഫണ്ട് | 1,00,000/- | വൗച്ചർ നമ്പർ : 965/26.03.18 |
| ഐ.എം.എ ബ്ലഡ് ബാങ്കിന് വിഹിതം നൽകൽ, S0151/18 | 1,00,000/- തനത് ഫണ്ട് | 50,000/- | വൗച്ചർ നമ്പർ : 964/26.03.18 |
| ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് സെന്ററിന് വിഹിതം, S0152/18 | 50,000/- തനത് ഫണ്ട് | 50,000/- | വൗച്ചർ നമ്പർ : 963/26.03.18 |

ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാവുന്ന മുറക്ക് ഹാജരാക്കേണ്ടതാണ്.

## 3-7 പെയിൻ & പാലിയേറ്റിവ് കെയർ -കേരള മെഡിക്കൽ

## സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല

പദ്ധതി : പെയിൻ & പാലിയേറ്റിവ് കെയർ 2017-18, S0094/18
നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

അടങ്കൽ : 585000/- (4,00,000/- വികസനഫണ്ട് ജനറൽ, 1,50,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 35,000/- ജില്ലാ പഞ്ചായത്ത് വിഹിതം )

ചെലവ് : 583981/-

ബന്ധപ്പെട്ട വൗച്ചർ നമ്പർ : 921/17-18 dt. 16.03.18 (60,000/-)

മേൽപദ്ധതിയിൽ 60,000/- രൂപ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയെങ്കിലും മരുന്ന് ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാവുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-8** പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിലിന് ധനസഹായം -രേഖകൾ ഹാജരാക്കിയിട്ടില്ല

SOO89/18

ബിൽനമ്പർ
4/30.10.17,തുക-50000

5/12.10.17,തുക-10 0000

നിർവഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി

സബ്സിഡി മാർഗ്ഗരേഖ എം.എസ്. നമ്പർ 80/17 തസ്വഭവ തീയതി 3.4.17 പ്രകാരം പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിലിന് ധനസഹായം നൽകുന്നതിനായി ഗുണഭോക്താക്കൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാനടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് 50000 രൂപ നൽകാമെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ശരത്ത് ,തേവപ്പുരയ്ക്കൽ ഹൗസ് , എടത്തിരിഞ്ഞി എന്നയാൾ മേൽരേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ രേഖകൾ ഹാജരാക്കുന്നതു വരെ ടിയാൾക്കു നൽകിയ 50000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## **3-9** പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ -അർഹതയില്ലാത്ത വിദ്യാർത്ഥിനിയ്ക്ക് ആനുകൂല്യം നൽകി

SOO69/18

ബിൽനമ്പർ-9/1.2.18

തുക-136650
നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സഫാരി ട്രേഡിംഗ് കമ്പനി എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നമ്പർ481/28.12.17) താഴെപ്പറയും പ്രകാരം സൈക്കിൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| Hero cycle integra 26.T | 4339.29 | 9 |
| Hero ML Velvet 26.T | 4366.07 | 19 |

സബ്സിഡി മാർഗ്ഗരേഖ എം.എസ്. നമ്പർ 80/17 തസ്വഭവ തീയതി 3.4.17 പ്രകാരം 8,9,10 ക്ലാസ്സുകളിലെ പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആണ് വിതരണം ചെയ്യേണ്ടത്. എന്നാൽ അനീഷ.എം.എ, മങ്ങാട്ടുകുന്നത്ത്, പടിയൂർ എന്ന വിദ്യാർത്ഥിനി 7ക്ലാസ്സിലാണ് പഠിക്കുന്നത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം നൽകിയതിനാൽ ഈയിനത്തിൽ നൽകിയ ചെലവ് തുക 4366 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-10 വി.ഇ.ഓ നടപ്പാക്കിയ പദ്ധതികൾ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു

വി.ഇ.ഓ (എടത്തിരിഞ്ഞി സർക്കിൾ) നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പ്രോജക്ട് | ബിൽ നമ്പർ, തുക | തുക നൽകിയത് |
|---|---|---|---|
| 1 | SO 146/18 പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണം | 6/16.1.18 37500 രൂപ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വെള്ളാങ്ങല്ലൂർ |
| 2 | SO 80/18 പി.എം.എ.വൈ പഞ്ചായത്ത് വിഹിതം എസ്.സി | 1/1.9.17 160000 രൂപ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വെള്ളാങ്ങല്ലൂർ |
| 3 | SO 81/18 പി.എം.എ.വൈ പഞ്ചായത്ത് വിഹിതം-ജനറൽ | 2/1.9.17 180000 രൂപ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വെള്ളാങ്ങല്ലൂർ |
| | | 377500രൂപ | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ രൂപ തടസ്സപ്പെടുത്തുന്നു

## 3-11 വീട് പുനരുദ്ധാരണം -രേഖകൾ ഹാജരാക്കിയിട്ടില്ല

SO 146/18

നിർവ്വഹണ ഉദ്യോഗസ്ഥൻ: വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

ചെലവ് വിവരം

| ട്രഷറി ബിൽ നമ്പർ | തുക |
|---|---|
| 3/14.11.17 | 120000രൂപ |
| 5/6.1.18 | 330000രൂപ |

| | |
|---|---|
| 7/16.1.18 | 150000രൂപ |
| 8/16.1.18 | 90000രൂപ |
| 10/16.1.18 | 270000രൂപ |
| 18/8.3.18 | 120000രൂപ |
| 20/22.3.18 | 52000രൂപ |
| തനതു ഫണ്ട് -ചെക്ക് നമ്പർ-189566/9.3.18 | 8000 രൂപ |

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) നമ്പർ 80/17 തസ്വഭവ തീയതി 3.4.17 പ്രകാരം വീട് പുനരുദ്ധാരണത്തിനു തുക നൽകുമ്പോൾ, പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുളളൂ.എന്നാൽമേൽ പദ്ധതി പ്രകാരം ആനുകൂല്യം നല്കിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ വീടുകളുടെ കാലപ്പഴക്കം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

1.ഷിജ്ജ ചെറുപറമ്പിൽ,പത്തനാംപുരം

2.ഉണ്ണികൃഷ്ണൻ,കളത്തിത്തറ

3.ശാന്താ വേലായുധൻ,വട്ടപ്പറമ്പിൽ

4.അമ്മിണി ,കാരപ്പറമ്പിൽ

പദ്ധതികൾ നടപ്പാക്കുമ്പോൾ അതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## **3-12** വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ നടപ്പാക്കിയതിലെ അപാകതകൾ

1.ഗാർഹിക ബയോഗ്യാസ് പ്ലാന്റ്

പ്രോജക്ട് നമ്പർ-SO52/18(spill over)

തുക-441000(വികസനഫണ്ട്)

220500(ഗുണഭോക്തൃ വിഹിതം)

സബ്സിഡി മാർഗ്ഗരേഖ ജി.ഓ(എം.എസ് )4/2016 ത സ്വഭവ തീയതി.11.1.16 ഖണ്ഡിക 12.4പ്രകാരം വനിതകൾക്കും പുരുഷന്മാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതല്ല. എന്നാൽ പഞ്ചായത്തിൽ 2016-17 ൽ ആരംഭിച്ച് 2017-18ൽ പൂർത്തിയാക്കിയ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് എന്ന പദ്ധതി വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കിയിരിക്കുന്നത്.

2.അങ്കണനാടി പ്രവർത്തകർക്ക് അധികവേതനം 2017-18

പ്രോജക്ട് നമ്പർ-90/18

തുക-824847 (വികസനഫണ്ട് )

സബ്സിഡി മാർഗ്ഗരേഖ ജി.ഓ(എം.എസ്)72/2017 ത സ്വഭവ തീയതി.29.3.17 ഖണ്ഡിക 13.3പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അങ്കണനാടി പ്രവർത്തകർക്ക് അധികവേതനം എന്ന പദ്ധതി വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. ഇപ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതികൾ നടപ്പാക്കിയതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-13 അങ്കണവാടികളുടെ ഭൗതികസാഹചര്യം

| ക്രമ നമ്പർ | | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ എണ്ണം | 20 | |
| | കുട്ടികളുടെ എണ്ണം | 1507 | |
| | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 17 | |
| 2 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 3 | 91,110,111 |
| 3 | അങ്കണവാടി കെട്ടിടം സുരക്ഷിതത്വമുള്ളതാണെന്ന് എൽ.എസ്.ജി.ഡി എഞ്ചിനീയർ /ഓവർസിയർ സാക്ഷ്യപ്പെടുത്തിയത് | 19 | Unfit-91 |
| 4 | ശൗചാലയങ്ങളുള്ളത് | 20 | |
| 5 | ചുറ്റുമതിലുള്ളത് | 17 | |
| 6 | വൈദ്യുതീകരിച്ചത് | 19 | |
| | വാട്ടർ കണക്ഷനുള്ളത് | 10 | |
| 7 | ധാന്യ സംഭരണിയുള്ളത് | 20 | |
| 8 | എൽ.പി.ജി കണക്ഷനുള്ളത് | 20 | |
| 9 | ബേബി ഫ്രണ്ട് ലിയായത് | - | |
| 10 | 31.3.18തീയതിയിൽ അങ്കണവാടി പോഷകാഹാര വിതരണത്തിനായി കേന്ദ്രവിഹിതമായി അനുവദിച്ച തുകയിൽ ഗ്രാമപഞ്ചായത്ത് കൈവശം നീക്കിയിരിപ്പുള്ള തുക | 831775 | |
| 11 | നിരീക്ഷണ കമ്മറ്റി രൂപീകരിച്ച അങ്കണവാടികളുടെ എണ്ണം | 20 | |
| | നിരീക്ഷണ കമ്മറ്റി യോഗങ്ങളുടെ എണ്ണം | - | |
| 12 | അങ്കണവാടിയിൽ വിതരണം ചെയ്ത പോഷകാഹാരം സംബന്ധിച്ച് നിരീക്ഷണകമ്മറ്റി പരാതിയെന്തെങ്കിലും | ഇല്ല | |

| | | | |
|---|---|---|---|
| | അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | | |
| 13 | സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ ലെ ഐ.സി.ഡി എസ്.ബി - നമ്പർ കത്തിലെ നിർദ്ദേശപ്രകാരം ടി.എച്ച്.ആർ.എസ് ഭക്ഷ്യ മിശ്രിതം പരിശോധിച്ചതിന്റെ വിശദാംശം | ലഭ്യമായിട്ടുണ്ട്. | |

കേന്ദ്രവിഹം നീക്കിയിരിപ്പുള്ള തുക അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ വിനിയോഗിക്കേണ്ടതാണ്. കൂടാതെ നിരീക്ഷണ കമ്മിറ്റി രൂപീകരിച്ച അങ്കണവാടികളിൽ നിരീക്ഷണ കമ്മിറ്റി യോഗങ്ങൾ ചേരുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## **3-14** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

2017-18 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി നടത്തിപ്പ് സംബന്ധിച്ച പൊതു വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | | | | | |
|---|---|---|---|---|---|---|
| | 2017-18വർഷത്തെ മൊത്തം അടങ്കൽ | | | | | |
| 1 | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| | ഭരണചെലവുകൾക്ക് | 9847 | 88072 | 890579 | 924000 | 5034 |
| | ഗുണഭോക്താക്കൾക്ക് നൽകുന്നത് | 0 | 5851624 | 5851624 | 5851624 | 0 |
| 2 | 2017-18 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം | | | | 687 | |
| 3 | 2017-18 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | | | | 151 | |
| 4 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | | | | 2399 | |
| 5 | 2017-18വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | | | | | |
| സ്ത്രീ | | പുരുഷൻ | | | ആകെ | |
| 30090 | | 866 | | | 30956 | |

| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ |
|---|---|---|---|
| 7059 | - | 23897 | 30956 |

| | | |
|---|---|---|
| 6 | 2017-18വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 691 |
| 7 | 2017-18 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 28 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം | - |
| 9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ വിതരണം ചെയ്ത വേതനം | 8095416 |
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 31-03-2018 വിതരണം ചെയ്യാൻ കുടിശികയുള്ള വേതനം | - |
| 11 | 2017-18വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | വ്യക്തിഗത കക്കൂസ്-28 |
| 12 | സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | സാമ്പത്തിക വർഷം 1 തവണ സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. |

പദ്ധതികൾ സംബന്ധിച്ച വിശാദാംശം

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ് , ജല സംരക്ഷണം | | |
| 2 | വരൾച്ച തടയൽ , വനവത്കരണം | 19 | 899238 |
| 3 | ചെറുകിട ജലസേചനം | - | |
| 4 | പട്ടികജാതി/ പട്ടികവർഗ്ഗക്കാർ | 77 | 5476094 |

| | | | |
|---|---|---|---|
| | ഉടങ്ങിയവരുടെ ഭൂമിയിൽ ജലസംരക്ഷണം | | |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 26 | 1697380 |
| 6 | ഭൂവികസനം | -- | - |
| 7 | വെള്ളപ്പൊക്കനിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | - | - |
| 8 | മറ്റുള്ളവ (വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചുണ്ടെങ്കില് വിവരം രേഖപ്പെടുത്തുക) | കിണർ-1<br>വ്യക്തിഗത കുളസ്-28 | 1032<br>21672 |
| 9 | ആകെ | 151 | 8095416 |

<u>ജലസുരക്ഷാ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കിയില്ല.</u>

സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. സ.ഉ (കൈ) നം.161/16/തസ്വഭവ തീ.09.11.16-പ്രകാരം ജലസുരക്ഷ-സമ്പൂർണ്ണ കിണർ റീചാർജ് സംബന്ധിച്ച പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ വിവിധ വാർഡുകളിലായി കിണർ റീചാർജ് പ്രവൃത്തികൾ പ്ലാൻ ചെയ്തിരുന്നെങ്കിലും ഒന്നും നടപ്പാക്കിയില്ല. ഗ്രാമ പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം ഉണ്ടാകുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി 435600/-രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സാഹചര്യം പരിഗണിച്ച് കിണർ റീചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, ജലക്ഷാമം പരിഹരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കേണ്ടതാണ്.

## 3-15 <u>പൊതുമരാമത്ത് പ്രവൃത്തികൾ, അവലോകനം</u>

1. പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല. 2017 -18 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 68 പദ്ധതികൾ (44പുതിയത്+24സ്പിൽ ഓവർ) തയ്യാറാക്കിയെങ്കിലും 46 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 68% പ്രൊജക്ടുകളാണ് നടപ്പിലാക്കിയത്.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.തൻവർഷം പൂർത്തീകരിച്ച പ്രവൃത്തികൾ മൂല്യം ചേർത്ത് ആസ്തിയാക്കി മാറ്റി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആസ്തി രജിസ്റ്ററിന്റെ ഡിജിറ്റൽ പ്രിന്റൗട്ട് എടുത്തു സൂക്ഷിക്കുന്നുവെങ്കിലും വാർഷിക കണക്കുമായി താരതമ്യപ്പെടുത്തും വിധം കാലികമാക്കിയിട്ടില്ല.

3. 2017 -18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ 29.3.17 ലെ ഉത്തരവ് പ്രകാരം 72/17 ഖ 12.10 പ്രാകരമുള്ള നിർദ്ദേശങ്ങൾ ഓരോ ത.സ്വ.ഭ.സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, പദ്ധതിയും തയ്യാറാക്കണമെന്നത് പ്രാവർത്തികമായിട്ടില്ല.

4. ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിന് പകരം, പ്രൊജക്ടുകൾ വാർഡുകൾക്കിടയിൽ വീതം വെയ്ക്കപ്പെടുകയാണ് ചെയ്യുന്നത്. ഇത് പ്രൊജക്ടുകളുടെ അടങ്കൽ ചെറുതാകുന്നതിന് കാരണമാകുന്നുണ്ട്.തൻവർഷം ഗ്രാമ പഞ്ചായത്ത് നിർവ്വഹണത്തിനായി അംഗീകാരം വാങ്ങിയ പ്രൊജക്ടുകളെ അടങ്കലിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചതിൽനിന്നും ഇക്കാര്യം

വ്യക്തമാണ്.പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| അടങ്കൽ തുക | 100000 | 100001 മുതൽ 200000 | 200001 മുതൽ 300000 | 300001 മുതൽ 400000 | 400001 മുതൽ 500000 | 500001 ൽ അധികം | ആകെ |
|---|---|---|---|---|---|---|---|
| പുതിയത് | 7 | 14 | 13 | 3 | 3 | 4 | 44 |
| സ്പിൽ ഓവർ | 2 | 6 | 5 | 3 | 3 | 5 | 24 |

# 3-16 നിക്ഷേപപ്രവൃത്തിയായി നടത്തിയ കുടിവെള്ളപദ്ധതി-പൂർത്തീകരണവിവരമില്ല

പദ്ധതി നം. 141/18 ഉപ്പുംതുരുത്തി പൈപ്പ് ലൈൻ നീട്ടൽ
ധനകാര്യ കമ്മീഷൻ
അവാർഡ് അടങ്കൽ തുക . 135000
ചെലവ് 135000
ട്രഷറി ബിൽ നം. 26/28.03.18

അസി. എഞ്ചിനിയർ നിർവ്വഹണം നടത്തിയ മേൽപദ്ധതി പ്രകാരം കുടിവെള്ള വിതരണത്തിന് പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തിക്കായി വാട്ടർ അതോറിറ്റിയിൽ 135000 രൂപ ഡെപ്പോസിറ്റ് ചെയ്തു. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രൊജക്റ്റിന്റെ ലക്ഷ്യമായി കുടിവെള്ള സൗകര്യം വർദ്ധിപ്പിക്കുക എന്നതാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും ഉപമേഖല ജലസേചനം സൂക്ഷ്മ മേഖല 02 പൊതുജലസേചനം, ലിഫ്റ്റ് ഇറിഗേഷൻ എന്നുമാണ് രേഖപ്പെടുത്തി കാണുന്നത്. വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിനോടൊപ്പം ഉണ്ടെങ്കിലും സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2.വാട്ടർ അതോറിറ്റി തുക കൈപ്പറ്റിയതിന്റെയോ പ്രവർത്തി ആരംഭിച്ചതിന്റെയോ വിവരം ലഭ്യമല്ല. ഡെപ്പോസിറ്റ് തുക നെഫ്റ്റ് വഴി സമർപ്പിച്ചാലും പ്രസ്തുത വിവരം കത്തെഴുതി വാട്ടർ അതോറിറ്റി ഓഫീസിൽ അറിയിച്ചെങ്കിൽ മാത്രമേ പ്രവൃത്തി ആരംഭിക്കാനാവൂ എന്ന് 29.12.2017 ലെ ഡി-4476/17 നമ്പർ കത്തുമുഖേന എക്സി.എഞ്ചിനിയർ അറിയിച്ചിരുന്നു. കത്തിന്മേൽ സ്വീകരിച്ച തുടർ നടപടിയുടെ വിവരവും പദ്ധതിയുടെ തൽസ്ഥിതി വിവരവും സംബന്ധിച്ച രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല.

3. പദ്ധതി മാർഗ്ഗരേഖ 72/17 ഖ 12.7 കുടിവെള്ള വിതരണം മേഖലയിൽ , ഗുണഭോക്തൃ വിഹിതം സമാഹരിക്കണമെന്നും തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതിയുടെ ചുമതലയായി പ്രൊജക്റ്റിൽ വ്യവസ്ഥ ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് നടപ്പിൽ വരുത്തിയതിന്റെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്. മേൽപ്പറഞ്ഞ അപാകതകൾക്ക് രേഖകകൾ സഹിതം വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. 18/29.01.19

# 3-17 പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു

ജി.ഒ.(എം.എസ്.)നം.72/2017/ തസ്വഭവ/തിയതി 29.03.2017 ലെ ഖണ്ഡിക 13.8(1)(vii) അനുസരിച്ച് റോഡ് സംരക്ഷണം, പരിപാലനം എന്നീ പ്രവർത്തനങ്ങൾക്ക് പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ്

ഉപയോഗിച്ച് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. തദ്ദേശഭരണവകുപ്പിന്റെ 10.11.2017ലെ ഡി.എ. 1/859/2017/തസ്വഭവ ാം നം സർക്കുലറിൽ പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പുതിയ കോൺക്രീറ്റിംഗും ടാറിംഗും ചെയ്യാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ റോഡിന്റെ പരിപാലനത്തിന്റേയും സംരക്ഷണത്തിന്റേയും ഭാഗമായി മാത്രമേ കോൺക്രീറ്റിംഗും ടാറിംഗും നടത്താവൂ എന്നും സർക്കുലറിൽ പറയുന്നു. എന്നാൽ ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്തിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് പുതിയ കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 117 | കണ്ണഞ്ചിറ റോഡ്ടാറിംഗ് | 299055 |
| 2 | 119 | കൊണ്ടോട്ടിപ്പാടം പുഞ്ചപ്പാടം റോഡ് കോൺക്രീറ്റിംഗ് | 461703 |
| 3 | 120 | വൈക്കം സൗത്ത് ഈസ്റ്റ്റോഡ്ടാറിംഗ് | 248212 |
| 4 | 121 | വൈക്കം നോർത്ത് വെസ്റ്റ്റോഡ് കോൺക്രീറ്റിംഗ് | 418950 |
| 5 | 122 | കൊങ്ങിണിപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് | 47500 |
| 6 | 135 | ചരുന്തറഐ എച്ച് ഡി പിറോഡ്കോൺക്രീറ്റിംഗ് | 440334 |
| 7 | 136 | അന്നപൂർണ്ണേശ്വരിറോഡ്കോൺക്രീറ്റിംഗ് | 418700 |
| 8 | 137 | കുറ്റിലക്കടവ്സ്റ്റ്റോഡ്ടാറിംഗ് | 569864 |
| 9 | 138 | പടിശ്ശേരിറോഡ് ഫോർമേഷൻ | 312852 |
| 10 | 139 | സൗഹൃദറോഡ് ഫോർമേഷൻ | 221798 |
| 11 | 140 | ആശ്രയ റോഡ് പൂർത്തീകരണം | 268000 |

പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ , തിയതി.29.3.2017ലെ അനുബന്ധം-3 പ്രകാരം പദ്ധതിയുടെ വിഭവസ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക,തയ്യാറാക്കിയ പ്രൊജക്ടുകളുടെ നിയമസാധുതയും കൃത്യതയും ഉറപ്പുവരുത്തി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അംഗീകരിച്ച് ഭരണസമിതിക്ക് ശുപാർശ ചെയ്യുക എന്നിവ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രവർത്തനങ്ങളിൽ നിന്നും വ്യതിചലിച്ച് ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക വിനിയോഗിച്ചതായി കാണുന്നു. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | 2017-18 | 150000 | സമഗ്രനെൽകൃഷി വികസനപദ്ധതി | 150000 | |
| | 2017-18 | 150000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 150000 | |
| | 2017-18 | 137450 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 137450 | |
| | 2017-18 | 100000 | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | 0 | 100000 |
| | 2017-18 | 150000 | ക്ഷീരകർഷകർക്ക് സബ്സിഡി | 150000 | |
| ജില്ല പഞ്ചായത്ത് | 2017-18 | 150000 | സമഗ്രനെൽകൃഷി വികസനപദ്ധതി | 150000 | |
| | | 35000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 35000 | |
| | | 350000 | ക്ഷീരകർഷകർക്ക് സബ്സിഡി | 350000 | |
| | | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 150000 | |
| | | 200000 | അങ്കണവാടി അനുപൂരക പോഷകാഹാര | 0 | 200000 |

| | | | | | | |
|---|---|---|---|---|---|---|
| | | | പരിപാടി | | | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | ഉപ്പുംതുരുത്തി പൈപ്പ് ലൈൻ നീട്ടൽ | VTR No.000003390776638 01.01.18 | 135000 | 0 | 135000 |
| കെ എസ് ഇ ബി | തെരുവുവിളക്ക് സ്ട്രീറ്റ്മെയിൻ വലിക്കൽ | വൗച്ചർ നം.78/20.03.18 20.03.17 | 1299982 | 0 | 1299982 |
| കെ എസ് ഇ ബി | പോസ്റ്റ് മാറ്റൽ | വൗച്ചർ നം.79/20.03.18 20.03.17 | 130800 | 0 | 130800 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നം/ തിയതി | വായ്പ തുക | വാർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവനപദ്ധതി | സ.ഉ(സാ) നം. 975/ 2010/സ്വഭവ 22-03-2010 | 10711500 | 1102400 | 600000 | | 502400 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി(2017-18)

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2.1 | 2016-17 | 2.1 | തൊഴിൽ നികുതി സംബന്ധിച്ച് | ബ്ലാണ്ടിഷ് ഫെർണാണ്ടസ്, ജ്യൂഡിറഅറ്റ് ബിവേര എന്നീ ജീവനക്കാരുടെ നിയമനം ഇതുവരെ അംഗീകരിക്കുകയോ ശമ്പളം ലഭിക്കുകയോ ചെയ്തിട്ടില്ലെന്നും, നിമ്മി.ടി.ജോസഫ്, നിധിൻ പി ജോസ് എന്നീ ജീവനക്കാർ നിയമനം അംഗീകാരം ലഭിക്കാതെ 2015 ൽ ഡോൺബോസ്കോ ഇ പി എസ് സ്കൂളിൽ നിന്നും സ്ഥലം മാറി പോയതായും ഹെഡ്മാസ്റ്റർ അറിയിച്ചിട്ടുണ്ട്. നിയമനം അംഗീകരിച്ച് ശമ്പളം ലഭിക്കുന്ന മുറക്ക് ടിയാന്റെ തൊഴിൽ നികുതി അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 45536582 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 47012312 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 589666 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 22800 | ഫോർബി .ഇ.ജെ ,സെക്രട്ടറി |
| 3-8 | 50000 | സന്തോഷ് കുമാർ.എം.ജി.അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 4366 | സന്തോഷ് കുമാർ.എം.ജി.അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 377500 | ജാസ്മിൻ.വി.എ.,വി.ഇ.ഓ(എടത്തിരിഞ്ഞി സർക്കിൾ) |
| 3-16 | 135000 | രശ്മി.പി.,അസി.എഞ്ചിനീയർ |
| | 589666 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഫോർബി .ഇ.ജെ, സെക്രട്ടറി | സെക്രട്ടറി വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് | ഇലഞ്ഞിക്കൽ ഹൗസ് , മാള |
| സന്തോഷ്കുമാർ.എം.ജി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പടിയൂർ ഗ്രാമപഞ്ചായത്ത് | മേതിൽ ഹൗസ്, വലപ്പാട് |
| ജാസ്മിൻ.വി.എ.,വി.ഇ.ഒ(എടത്തിരിഞ്ഞി സർക്കിൾ) | വി.ഇ.ഒ, കാട്ടൂർ | തവളക്കുളങ്ങര ഹൗസ് , ഇരിങ്ങാലക്കുട, പൊറത്തിശ്ശേരി പി.ഒ |
| രശ്മി.പി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പടിയൂർ ഗ്രാമപഞ്ചായത്ത് | ആപ്പറമ്പത്ത് ഹൗസ്, തളിക്കുളം.പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1976-77 | 12-292/12/ 12.9.97 | 4 | |
| 1977-78 | " | 24 | |
| 1978-79 | " | 22 | |
| 1982-83 | 12/292/ 19.2.97 | 5, 19 | |
| 1983-84 | 264/11(1)/18.5.11 | 4c, 5, 15b | |
| 1984-85 | “ | 14a, c, 3, 12, 13, 15, 16, 17 | |
| 1985-86 | “ | 3, 11, 12, 13, 14, 15 | |
| 1986-87& 87-88 | 292/ 19.2.97 | 14 | |
| 88-89 & 89-90 | 264/11(1)/ 19.5.11 | 7,8 | |
| 90-91 | 292/ 19.2.97 | 4 | |
| 92-93 & 93-94 | 12-1624/95/23.7.96 | 5 | |
| 94-95 & 95-96 | 12-1929/97/7.3.97 | | |
| 96-97 | 12-1456/96/3.11.98 | | |
| 97-98 | 12-475/99/29.5.99 | | |
| 98-99 | 12-54/2000/12.6.2000 | | |
| 99-2000 | 12-1703/2000/6.2.2001 | | |
| 2000-01&01-02 | 12-1780/03/26.2.04 | | |
| 2002-03 | 12-1916/09/13.7.2006 | 2-2, 2-3(1), (2), 2-4, 2-6, 3-1(a), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8(a), 3-9 | |
| 2003-04 | 9-1863/05/13.7.2006 | 2-7(2), 3-1, 3-3, 3-4, 3-5, 3-6, 3-8 (a,b), 3-10, 3-13 | |
| 2004-05 | 9-373/09/8.7.10/16.8.10 | 2-3, 2-4, 3-5, 3-6(a), (b), (c), (d), 3-7, 3-8, 3-9, 3-10, 3-14 | |
| 2005-06 | 9-1980/09/22.9.10 | 2-2, 3-1, 3-3(4), 3-4, 3-6, 3-7, 3-8, 3-10 | |
| 2006-07 | 9-1983/09/22.9.10 | 2-2(b), 2-3, 2-4, 3-1, 3-2, 3-3, 3-4, 3-6, | |

| | | | |
|---|---|---|---|
| | | 3-7(i)(ii)(iii)(iv)(v)(vi), 3-10 | |
| 2007-08 – 2010-2011 | 1-1660/2012/8.2.13 /1.6.13 | | |
| 2011-12 | 1-1431/13/9.1.14 | | |
| 2012-13 | 1-1269/14/12.12.14 /12.3.15 | | |
| 2013-14 | കെ.എസ്.എ.ടി. എസ്. ആർ. (പി1)233/16 തി.17.02.16.. | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ. (പി1)982/16 തി.14.06.16 | | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ. (പി1)2128/16 തി.25.01.17 | | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ. (പി1)1725/2017 തി.30.11.17/20.12.17 | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ